"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കുമിളി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറിയായ വിരമിച്ച ശ്രീ. എസ്. പ്രസാദ്-നെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീമതി ടീസ ജോസ്-നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2638/2025/LSGD തീയതി,തിരുവനന്തപുരം, 03-11-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30/12/2014 ലെ E6-SC 13/14/IDK 24945/2014 നമ്പർ റിപ്പോർട്ട്.
2. സർക്കാരിന്റെ 07/10/2015 ലെ ഇപിബി2/17/2015/തസ്വഭവ നമ്പർ കുറ്റപത്രം.
3. പഞ്ചായത്ത് ഡയറക്ടറുടെ 25/09/2018 ലെ ഡി8 - 37807/2015 നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം. 835/2019/തസ്വഭ. തീയതി, 09/04/2019.
5. സർക്കാരിന്റെ 28/05/2022 ലെ ഇപിബി2/17/2015/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. ശ്രീ. എസ്. പ്രസാദ് 22/08/2022 തീയതിയിൽ സമർപ്പിച്ച മറുപടി.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19/04/2024 ലെ LSGD/PD/10123/2023-VIGB3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കുമളി-അട്ടപ്പള്ളം തോട് കയ്യേറി കെട്ടിടനിർമ്മാണം നടത്തുന്നു എന്ന പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സത്വരാന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

*ശ്രീ. പി. തങ്കവേലു, S/o പാൽരാജ്, വിശ്വനാഥപുരം 68 മൈൽ, കുമളി - എന്ന സ്വകാര്യ വ്യക്തി ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിലെ VIII/171, 171(1), 171(2) എന്നീ നമ്പരിലുള്ള കെട്ടിടങ്ങൾ പത്തുമുറി -തേക്കടി നീരൊഴുക്ക തോടിന്റെ സംരക്ഷണ ഭിത്തി കെട്ടിട ഭിത്തിയായി ഉയർത്തിക്കെട്ടി കെട്ടിടം പണിതതായും ടി കെട്ടിട നിർമ്മാണം മതിയായ അനുമതിയോ, അനുമതിപത്രമോ പഞ്ചായത്തിൽ നിന്നും വാങ്ങാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും ചെയ്തതായിരിക്കെ പഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. അനന്തകൃഷ്ണൻ പി.റ്റി. കുമളി പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട ടി കെട്ടിടനിർമ്മാണ സ്ഥലത്ത് നേരിട്ട് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ ബാധ്യതപ്പെട്ടയാളായിട്ടും അപ്രകാരമുള്ള നടപടി സ്വീകരിക്കാതെ ടിയാൻ ശ്രീ. പി. തങ്കവേലുവിന് ഒത്താശ ചെയ്ത് കൊടുക്കുന്ന തരത്തിൽ പ്രവർത്തിച്ച് അപ്രകാരം റിപ്പോർട്ട് തയ്യാറാക്കുകയും ശ്രീ. പി. തങ്കവേലുവിന് സഹായകരമായ വിധത്തിൽ കെട്ടിട നമ്പറിട്ടും നികുതി നിർണ്ണയിച്ചും അംഗീകാരത്തിനായി സെക്രട്ടറി ശ്രീ. എസ്. പ്രസാദിന് സമർപ്പിക്കുകയുണ്ടായി.*

*അസസ്മെന്റ് റിപ്പോർട്ട് പരിശോധിച്ചും കെട്ടിടം നിർമ്മിച്ച സ്ഥലവും നിർമ്മാണ പ്രവർത്തികളും പരിശോധിച്ചും മാത്രം അംഗീകാരം നൽകാൻ ബാധ്യതപ്പെട്ട സെക്രട്ടറി അപ്രകാരം ചെയ്യാതെ യു.ഡി. ക്ലാർക്ക് ശ്രീ. അനന്തകൃഷ്ണൻ നൽകിയ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ ടിയാളുകൾ നടത്തിയ വ്യക്തമായ അഴിമതിക്ക് കൂട്ടുനിൽക്കുകയും നികുതി നിർണ്ണയം അംഗീകരിക്കുകയും കെട്ടിട നമ്പർ നൽകുകയും തോട്ടുപുറമ്പോക്ക് കയ്യേറി കെട്ടിടം പണിതതാണെന്ന് വ്യക്തമായി അറിയാമായിരുന്നിട്ടും മനഃപൂർവ്വം അത് മറച്ചുവെച്ച് ശ്രീ. അനന്തകൃഷ്ണന്റെ റിപ്പോർട്ടിന്മേൽ മാത്രം ശ്രീ. തങ്കവേലുവിന് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായി കാണുന്നു.*

2. ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽപ്പെട്ട കുമളി അട്ടപ്പള്ളം തോട് കയ്യേറി തോടിന്റെ സംരക്ഷണ ഭിത്തിയിൽ അനധികൃതമായാണ് കെട്ടിടം നിർമ്മിച്ചത് എന്ന് മനസ്സിലായിട്ടും അന്വേഷണ റിപ്പോർട്ട് പരിശോധിക്കാതെ കെട്ടിടം പണിയുന്നതിന് ഇടയാക്കുകയും, കെട്ടിട നമ്പർ നൽകുകയും ചെയ്തതു വഴി ഗുരുതരമായ കൃത്യവിലോപം ഉണ്ടായതായി കണ്ട് വിജിലൻസ് സമർപ്പിച്ച ശുപാർശയിൻമേൽ കുമളി ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. എം.പി. ശശികുമാർ, ശ്രീ. എസ്. പ്രസാദ്, മുൻ യു.ഡി. ക്ലർക്ക് ശ്രീ.അനന്തകൃഷ്ണൻ എന്നിവർക്കെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിക്കുകയും, ശ്രീ. എം. പി. ശശികുമാർ, ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും ആയതിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) അഭിപ്രായ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീ. എം. പി. ശശികുമാർ, ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ എന്നിവർക്കെതിരായ അച്ചടക്കനടപടി പരാമർശം (4) പ്രകാരം തീർപ്പാക്കിയിട്ടുള്ളതുമാണ്.

3. എന്നാൽ, ശ്രീ. എസ്. പ്രസാദ് കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തിൽ നിന്നും 31.05.2015ൽ വിരമിച്ചതിനു ശേഷമാണ് ടിയാന് സർക്കാർ കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത് എന്നതിനാൽ 1960 -ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള 07.10.2015 തീയതിയിലെ കുറ്റപത്രം പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചതായി കണക്കാക്കാൻ കഴിയുകയില്ല. ടി ക്രമക്കേടിനാസ്പദമായ സംഭവം നടന്ന് 4 വർഷം പിന്നിട്ടതിനാലും, ടിയാൻ 31.05.2015 ൽ വിരമിച്ചിട്ടുണ്ടെന്നും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രസാദിനെതിരെ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി തുടരാൻ കഴിയാത്ത സാഹചര്യത്തിൽ KSR Part III Rule 59 (d) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 600/- രൂപ വീതം ആജീവനാന്തം കുറവ് ചെയ്യാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

4. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (6) പ്രകാരം ശ്രീ. എസ്. പ്രസാദ് ചുവടെ പറയും പ്രകാരം മറുപടി സമർപ്പിച്ചിരുന്നു.

*താൻ കുമളി ഗ്രാമപഞ്ചായത്തിൽ 11/08/2011 മുതൽ 08/11/2012 വരെയാണ് സെക്രട്ടറിയായി ജോലി നോക്കിയിരുന്നതെന്നും കാരണം കാണിക്കൽ നോട്ടീസിൽ തനിക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ എല്ലാം അടിസ്ഥാനരഹിതവും വസ്തുതാപരമല്ലാത്തതാണെന്നും, പരാമർശിക്കപ്പെട്ട കെട്ടിടത്തിന് നമ്പർ അനുവദിച്ചത് 17/11/2012 ലാണെന്നും 4/11/2012 ൽ കുമളി ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണെന്നും ആ സമയത്ത് എം.പി. ശശികുമാറാണ് സെകട്ടറിയെന്നും, പരാമർശ കെട്ടിടത്തിന്റെ വലിപ്പം തോടിന്റെ ഭാഗത്തേക്ക് വിപുലപ്പെടുത്തുകയില്ലായെന്നുള്ള ഉടമസ്ഥന്റെ സമ്മതപത്രം 100/- രൂപ വിലയുള്ള മുദ്രപത്രത്തിൽ എഴുതിവാങ്ങിയിരുന്നു എന്നും ടിയാൻ*

*ബോധിപ്പിക്കുകയുണ്ടായി. പ്രസ്തുത കെട്ടിടം നേരിൽ പരിശോധിക്കുവാൻ കഴിയാത്തത്ര തിരക്കുണ്ടായതിനാൽ യൂ.ഡി. ക്ലർക്കിനെ ചുമതലപ്പെടുത്തുകയും ടിയാൻ പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ നൽകിയതെന്നും ആദ്യം നമ്പർ നൽകുമ്പോൾ കെട്ടിടം തോടിന്റെ അതിർത്തിയിൽനിന്നും 4 അടി വിട്ടായിരുന്നു എന്നും ഇക്കാര്യത്തിൽ സെക്രട്ടറിയ്ക്ക് എന്തെങ്കിലും സാമ്പത്തിക നേട്ടം ഉണ്ടായതായി ആരോപണമില്ലാത്തതിനാലും തനിക്കെതിരെ മേജർ പെനാൽട്ടി ചുമത്തുന്നത് നീതിക്ക് നിരക്കുന്നതല്ലെന്നും പെൻഷനിൽ തുക വെട്ടിക്കുറയ്ക്കരുതെന്നും ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി.*

5. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എസ്. പ്രസാദ് സമർപ്പിച്ച മറുപടിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

*ശ്രീ. എസ്. പ്രസാദ് സമർപ്പിച്ച മറുപടിയിൽ 08.11.2012-ൽ കുമളി ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണെന്നും അന്നേ തീയതി മുതൽ ശ്രീ. എം.പി. ശശികുമാറാണ് കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നും പരാമർശിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട കുമളി ഗ്രാമപഞ്ചായത്തിലെ 2012 നവംബർ മാസത്തിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ശ്രീ. എസ്. പ്രസാദ് 08.11.2012 അപരാഹ്നത്തിൽ കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതായും ശ്രീ. എം.പി. ശശികുമാർ 08.11.2012 അപരാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച് സെക്രട്ടറിയുടെ ചുമതല ഏറ്റെടുത്തിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ ശ്രീ. എസ് പ്രസാദിന്റെ വാദം ശരിയാണെന്ന് കാണുന്നു. 08.11.2012 തീയതിയിൽ കുമളി ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്ത ശ്രീ. എസ്. പ്രസാദ് 17.11.2012 തീയതിയിൽ കെട്ടിട നമ്പർ നൽകി എന്നത് അംഗീകരിക്കാവുന്നതല്ല എന്ന് കാണുന്നു. എന്നാൽ ടി കെട്ടിടത്തിന് നമ്പർ നൽകിയത് താനല്ല എന്ന് ശ്രീ. എസ്.പ്രസാദ് അവകാശപ്പെടാത്തതിനാലും ഇക്കാര്യത്തിൽ സംശയം നിലനിൽക്കുന്നുണ്ട് എന്ന് അഭിപ്രായം രേഖപ്പെടുത്തുന്നു. ഏതെങ്കിലും കാരണവശാൽ ടിയാന്റെ പേരിൽ ഇത്തരത്തിൽ 17.11.2012 തീയതിയിൽ കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ആയതിൻമേൽ വിശദമായ അന്വേഷണം ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.*

*കുമളി ഗ്രാമപഞ്ചായത്തിലെ യു.ഡി ക്ലാർക്കായിരുന്ന ശ്രീ. പി.റ്റി അനന്തകൃഷ്ണനെ അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കിയത് ടിയാൻ 29.12.2015-ൽ സമർപ്പിച്ച പ്രതിവാദപത്രികയിലെ പരാമർശത്തിന്റെ പിൻബലത്തിലാണ് എന്ന് ശ്രീ. എസ്.പ്രസാദ് സൂചിപ്പിച്ചിട്ടുണ്ട്. ശ്രീ. പി.റ്റി. അനന്തകൃഷ്ണന്റെ പ്രതിവാദപത്രികയിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം കെട്ടിടത്തിന് നമ്പർ നൽകുന്ന അവസരത്തിൽ പ്ലാനിൽ വിവരിച്ചിരുന്ന പ്രകാരം തോടിൽ നിന്നും 4 അടി അകലം പാലിച്ചാണ് കെട്ടിടനിർമ്മാണം നടത്തിയിരുന്നതെന്നും നമ്പർ ലഭിച്ച ശേഷം പിന്നീട് എപ്പോഴോ ആണ് ഉടമസ്ഥൻ കെട്ടിടം വിപുലപ്പെടുത്തിയിട്ടുള്ളത് എന്നും കെട്ടിടത്തിന് നമ്പർ നൽകുന്ന അവസരത്തിൽ ടിയാൻ കെട്ടിടത്തിന്റെ വലുപ്പം വർദ്ധിപ്പിക്കുകയില്ലെന്ന് 100 രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം എഴുതി നൽകിയിരുന്നെന്നും ആയതിൽ നിന്നും ടി കെട്ടിടത്തിന് നമ്പർ നൽകുന്ന അവസരത്തിൽ ടി അനധികൃത നിർമ്മാണം ഉണ്ടായിരുന്നില്ലെന്നും ശ്രീ. പി.റ്റി. അനന്തകൃഷ്ണന്റെ വാദം അംഗീകരിച്ച് ടിയാനെ കുറ്റവിമുക്തനാക്കിയതിനാൽ ഇതേ പ്രകാരം തന്നെയും അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കി നൽകണമെന്നാണ് പ്രതിവാദമായി പറഞ്ഞിട്ടുള്ളത്.*

ശ്രീ. എസ്. പ്രസാദ് 08.11.2012 അപരാഹ്നത്തിൽ കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണെങ്കിലും 17.11.2012 തീയതിയിൽ പരാതിക്കാസ്പദമായ കെട്ടിടത്തിന് നമ്പർ നൽകിയത് താനല്ല എന്ന് ഉറപ്പിച്ച് പറയാത്തതിനാലും ടി കെട്ടിടത്തിന് നമ്പർ നൽകിയത് ഏത് സെക്രട്ടറിയാണ് എന്ന് കണ്ടെത്തേണ്ടതുണ്ട്. കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2021-ലെ എ3-3147/2021 നമ്പർ കത്തിൽ ടി കെട്ടിടത്തിന് നമ്പർ നൽകുന്ന ഫയലിൽ 16.10.2012 തീയതിയിൽ സെക്ഷൻ ക്ലാർക്ക് നമ്പർ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയും 16.10.2012 ൽ സെക്രട്ടറി ആയത് അംഗീകരിക്കുകയും ചെയ്തിരുന്നതായി പരാമർശിച്ചിട്ടുണ്ട്. ടി കാലയളവിൽ സെക്ഷൻ ക്ലാർക്ക് ശ്രീ. പി.റ്റി. അനന്തകൃഷ്ണനും സെക്രട്ടറി ശ്രീ. എസ്. പ്രസാദുമായിരുന്നുവെന്നും ടി റിപ്പോർട്ടിലും പരാമർശമുള്ളതായി കാണുന്നു. എന്നാൽ നികുതിനിർണ്ണയ രജിസ്റ്ററിൽ ടി കെട്ടിടത്തിന് നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുള്ളത് 17.11.2012-ലാണ് എന്നും പരാമർശിച്ചിട്ടുണ്ട്. ടി കാലയളവിൽ കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ശ്രീ. എസ്. പ്രസാദ് സേവനം ചെയ്തിരുന്നില്ല എന്നും കാണുന്നു. 08.11.2012 ൽ വിടുതൽ ചെയ്ത സെക്രട്ടറിയായ ശ്രീ. എസ്. പ്രസാദ് തന്റെ അധികാരപരിധിയിലില്ലാത്ത ഒരു കാര്യാലയത്തിന്റെ കിഴിലുള്ള ടി കെട്ടിടത്തിന് 17.11.2012-ൽ നമ്പർ നൽകിയെന്നതിൽ യുക്തിയില്ല എന്നും കാണുന്നു.

കൂടാതെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് നിർമ്മിച്ച് നമ്പർ നൽകിയ കെട്ടിടമായതിനാൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളും ആയിരുന്നു ബാധകമാക്കേണ്ടിയിരുന്നത്. കാറ്റഗറി 1 വിഭാഗത്തിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിർബന്ധമായും കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് എടുക്കേണ്ടിയിരുന്നതും കാറ്റഗറി-2 ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ അറിയിപ്പ് സെക്രട്ടറിക്ക് നൽകേണ്ടിയിരുന്നതുമാണ് എന്ന് കാണുന്നു. 300 ച.മി. വരെയുള്ള വാസഗൃഹ കെട്ടിട നിർമ്മാണങ്ങൾ ഇത്തരത്തിൽ നടത്താവുന്നതായിരുന്നതായും കാണുന്നുണ്ട്. എന്നിരുന്നാലും ടി കെട്ടിടത്തിന് നമ്പർ നൽകുന്ന അവസരത്തിൽ ബാധകമായിരുന്ന കെട്ടിടനിർമ്മാണ ചട്ടങ്ങൾ നിർബന്ധമായും പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുണ്ടായിരുന്നുവെന്നും ആയതിന് ടിയാന് ബാധ്യതയുണ്ടായിരുന്നുവെന്നും കാണുന്നു. കെട്ടിടത്തിന് നമ്പർ നൽകുന്ന വേളയിൽ തന്റെ കെട്ടിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയില്ലെന്ന സത്യവാങ്മൂലം കെട്ടിട ഉടമസ്ഥൻ മുദ്രപ്പത്രത്തിൽ നൽകുന്നതിന് ഏതെങ്കിലും ചട്ടത്തിൽ വ്യവസ്ഥയില്ലാത്തതും സെക്രട്ടറിയും മറ്റ് ജീവനക്കാരും ചട്ടവ്യവസ്ഥയില്ലാത്തതും നിയമപ്രകാരമല്ലാത്തതുമായ രീതി ആണ് പിന്തുടർന്നതെന്നും കാണുന്നു. ഫയൽ വിഷയത്തിൽ കുറ്റാരോപണ വിധേയരായ മറ്റ് ഉദ്യോഗസ്ഥരെ ടിയാളുകളുടെ പ്രതിവാദത്തിന്റെ അടിസ്ഥാനത്തിൽ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്ന ശ്രീ. എസ് പ്രസാദിന്റെ വാദം, കെട്ടിടത്തിന് നമ്പർ നൽകുന്ന ഫയലിൽ 16.10.2012 തീയതിയിൽ സെക്ഷൻ ക്ലാർക്ക് നമ്പർ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുകയും 16.10.2012 ൽ സെക്രട്ടറി ആയിരുന്ന ശ്രീ. എസ്. പ്രസാദ് ആയത് അംഗീകരിക്കുകയും ചെയ്തിരുന്നതായി കാണുന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല.

കുമളി ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ വച്ച് ഏറ്റവും തിരക്കേറിയ ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ്. ആയതിനാൽ ഓഫീസിലെ തിരക്കിനിടയിൽ എല്ലാ കെട്ടിടങ്ങളും നേരിട്ടുപോയി പരിശോധിച്ച് ബോധ്യപ്പെടാൻ കഴിയാത്ത സാഹചര്യത്തിലാണ് ഓഫീസ് ഉത്തരവ് പ്രകാരം സെക്ഷൻ ക്ലാർക്കിനെ പരിശോധനക്കായി ചുമതലപ്പെടുത്തിയത് എന്നും ടി റിപ്പോർട്ട് അനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ചാണ് നമ്പർ നൽകിയത് എന്നും ടിയാൻ പറഞ്ഞിട്ടുണ്ട്.

ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമാണ് നടപടി സ്വീകരിച്ചത് എന്നും ഗ്രാമപഞ്ചായത്തിലെ തിരക്ക് സംബന്ധിച്ചുള്ളതുമായ ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണ് എന്ന് കാണുന്നു. എന്നാൽ നടപടിക്രമം പാലിച്ചാണ് നമ്പർ നൽകിയതെന്ന ടിയാന്റെ വാദം സംശയം ജനിപ്പിക്കുന്നതും ടിയാന്റെ പ്രതിവാദ പത്രികയിലെ ഖണ്ഡിക (1) ലെ ടിയാന്റെ വാദത്തിന് വിരുദ്ധവുമാണ്. മാത്രവുമല്ല, ഇത്തരത്തിൽ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ നമ്പർ നൽകുന്നതിനാവശ്യമായ മുഴുവൻ വിവരങ്ങളും പരാമർശിച്ചിട്ടുണ്ടോ എന്നും കെട്ടിടനിർമ്മാണ ചട്ടങ്ങൾ, പഞ്ചായത്ത് രാജ് നിയമം എന്നിവ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും കാണുന്നു. കൂടാതെ ടി കെട്ടിടത്തിന് നമ്പർ നൽകുന്നതിന് സെക്രട്ടറി റിപ്പോർട്ട് അംഗീകരിച്ച 16.10.2012- നും നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നമ്പർ നൽകി നികുതി ഈടാക്കി രേഖപ്പെടുത്തലുകൾ നടത്തിയ 17.11.2012-നും ടി അനധികൃത നിർമ്മാണം സംബന്ധിച്ച് പരാതി വന്നിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. പരാതിയിൻമേൽ തുടർനടപടി സ്വീകരിച്ചുകൊണ്ട് 18.02.2013-ലാണ് അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിനായി സെക്രട്ടറി നോട്ടീസ് നൽകിയിട്ടുള്ളതെന്നും കാണുന്നുണ്ട്.

കൂടാതെ, തോട്ടുപുറമ്പോക്ക് അതിർത്തി നിർണ്ണയിക്കുന്നതിനായി നിരവധി തവണ റവന്യൂ അധികൃതർക്ക് കത്ത് നൽകിയിരുന്നതായും ആയതിന് മറുപടി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് മുൻ സെക്രട്ടറിയായ ശ്രീ. എം.പി ശശികുമാറിനെ ഒഴിവാക്കിയിട്ടുള്ളതെന്നും പ്രതിവാദമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഏതെങ്കിലും ഒരു കത്ത് ശ്രീ. എസ്.പ്രസാദ് റവന്യൂ അധികാരികൾക്ക് നൽകിയിട്ടുള്ളതായി കാണുന്നതിന് കഴിഞ്ഞിട്ടില്ലാത്തതിനാൽ ടിയാന്റെ വാദം അംഗീകരിക്കാൻ കഴിയില്ല.

ടി കെട്ടിടത്തിന് ആദ്യമായി നമ്പർ നൽകുമ്പോൾ തോടരികിൽ നിന്നും 4 അടി അകലം പാലിച്ചിട്ടുണ്ടായിരുന്നുവെന്നാണ് ടിയാൻ അവകാശപ്പെടുന്നത്. എന്നാൽ അതിർത്തി നിർണ്ണയം നടന്നിട്ടില്ലാത്തതും കെട്ടിട ഉടമസ്ഥന്റെ ഭൂമിയുമായുള്ള തോട്ടുപുറമ്പോക്കിന്റെ അതിർത്തി നിർണ്ണയിക്കാൻ കഴിയാതിരിക്കുകയും ചെയ്ത അവസരത്തിൽ തോടതിർത്തിയിൽ നിന്നും 4 അടി അകലം പാലിച്ചാണ് നിർമ്മാണം എന്ന് സെക്ഷൻ ക്ലാർക്ക് റിപ്പോർട്ട് തയ്യാറാക്കിയതും ആയത് സെക്രട്ടറി അംഗീകരിച്ചതും നിയമപ്രകാരമല്ല എന്ന് കാണുന്നു. ആയതിനാൽ ഇക്കാര്യത്തിലുള്ള ടിയാന്റെ വാദം അംഗീകരിക്കാൻ കഴിയുകയില്ല.

ശ്രീ. എസ് പ്രസാദിന്റെ മറുപടിയിൽ പാവപ്പെട്ട ഒരാൾക്ക് 94 ച.മീറ്റർ വിസ്തീർണ്ണമുള്ള വീടിന് നമ്പർ നൽകുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും, ഇതുമൂലം പഞ്ചായത്തിനോ സർക്കാരിനോ നഷ്ടം വന്നിട്ടില്ലായെന്നും സാമ്പത്തികാരോപണം ഉന്നയിച്ചിട്ടില്ലായെന്നും ആയതിനാൽ മേജർ പെനാൽറ്റി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കണമെന്നുമാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. ടി ഖണ്ഡികയിൽ ടിയാൻ ടി കെട്ടിടത്തിന് നമ്പർ നൽകിയിട്ടുള്ളതായി പറഞ്ഞിട്ടുള്ളതിനാൽ ടിയാൻ പ്രതിവാദമായി പറഞ്ഞിട്ടുള്ള വസ്തുതകൾ പൊരുത്തക്കേടുകൾ നിറഞ്ഞതാണെന്നും അപാകതകൾ നിറഞ്ഞതാണെന്നും അനുമാനിക്കുന്നു. അതുകൊണ്ട് ടിയാന്റെ വാദം അംഗീകരിക്കത്തക്കതല്ല.

6. പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ട് പരിശോധിച്ചതിൽ, ശ്രീ. എസ്. പ്രസാദ്-നെതിരെയുള്ള കുറ്റാരോപണങ്ങൾക്ക് ടിയാൻ സമർപ്പിച്ച മറുപടിയിലെ വാദഗതികൾ

അംഗീകരിക്കത്തക്കതല്ല എന്നും കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, ഈ വിഷയത്തിൽ ചട്ട പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീമതി ടീസ ജോസ്-നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി ടീസ ജോസ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ഇടുക്കി. *(മേൽ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട രേഖകൾ/വിശദാംശങ്ങളുടെ പകർപ്പുകൾ സഹിതം).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ. എസ്. പ്രസാദ്, മുൻ സെക്രട്ടറി (റിട്ട.), കുമളി ഗ്രാമപഞ്ചായത്ത്, ഇടുക്കി. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഇപിബി2/17/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 03-11-2025 11:36:04
സെക്ഷൻ ഓഫീസർ